**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5960** **25-03-2025 - ൽ മറുപടിയ്ക്ക്**

**സോളാർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സോളാർ പദ്ധതി പ്രകാരം ഉപഭോക്താക്കൾ കെ.എസ്.ഇ.ബി.-ക്ക് അധികമായി ലഭ്യമാക്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് എത്ര രൂപയാണ് നൽകുന്നത്; പ്രസ്തുത തുക എല്ലാ മാസവും നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എത്രമാസം കൂടുമ്പോഴാണ് ആയത് ഉപഭോക്താക്കൾക്ക് നൽകുന്നത്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് സോളാർ പദ്ധതി പ്രകാരം സ്വന്തം ഉപയോഗത്തിനു ശേഷം ഉപഭോക്താക്കൾ, കെ.എസ്. ഇ. ബി. എൽ. - ന് വാർഷികാടിസ്ഥാനത്തിൽ അധികമായി ലഭ്യമാക്കുന്ന മിച്ച വൈദ്യുതിക്ക് 2023-24 സാമ്പത്തിക വർഷത്തിൽ, യൂണിറ്റൊന്നിന് 3.15 രൂപ നിരക്കിലാണ് നൽകിയത്. ഓരോ സാമ്പത്തിക വർഷത്തെയും നൽകേണ്ടുന്ന തുക അടുത്ത സാമ്പത്തിക വർഷാരംഭത്തിലാണ് നൽകി വരുന്നത്. |
| (ബി) | ഉപഭോക്താക്കൾ അധികമായി നൽകുന്ന വൈദ്യുതിക്ക് നൽകേണ്ട തുക കൂടുതൽ കുടിശ്ശികയാകുമ്പോൾ ഇവർക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റിൽ കുറവ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനാണ് സോളാർ ഉപഭോക്താക്കളുടെ സെറ്റിൽമെന്റ് നിരക്കുകൾ നിശ്ചയിക്കുന്നത്. ഇത് കമ്മീഷൻ അംഗീകരിക്കുന്ന മുറയ്ക്ക് താമസംവിനാ ഉപഭോക്താക്കൾക്ക് നൽകി വരുന്നു. കൂടാതെ, ടി തുക കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള **Renewable Energy Regulation (2020)** പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റുമായി ക്രമപ്പെടുത്തുവാൻ വ്യവസ്ഥകളൊന്നുമില്ല. |
| (സി) | സോളാർ വൈദ്യുതിയുടെ ഉപഭോക്താക്കൾക്ക് രാത്രി ഉപയോഗിക്കുന്ന വൈദ്യുതിക്ക് നിരക്ക് കൂട്ടിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പീക്ക് സമയങ്ങളിൽ വൈദ്യുതി വാങ്ങൽ വില അമിതമായി വർദ്ധിക്കുന്നതിനാൽ 250 യൂണിറ്റിനു മുകളിൽ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് 05.12.2024 - മുതൽ റഗുലേറ്ററി കമ്മീഷൻ ടി.ഒ.ഡി. താരിഫ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം പകൽ സമയത്ത് സാധാരണ നിരക്കിൽ നിന്നും 10% ഇളവും, പീക്ക് സമയത്ത് (വൈകുന്നേരം 6 മണി മുതൽ 10 മണി വരെ) സാധാരണ നിരക്കിനെക്കാൾ 25% കൂടുതലും, ഓഫ് പീക്ക് സമയത്ത് (രാത്രി 10 മണി മുതൽ രാവിലെ 6 മണി വരെ) സാധാരണ നിരക്കിലുമാണ് വൈദ്യുതി നൽകി വരുന്നത്. സോളാർ ഉപഭോക്താക്കൾക്കും അവരുടെ ബില്ല് ചെയ്യപ്പെടുന്ന ഉപഭോഗം പ്രതിമാസം 250 |

| | | | |
|---|---|---|---|
| | | | യൂണിറ്റിനേക്കാൾ കൂടുതലാണെങ്കിൽ മുകളിൽ സൂചിപ്പിച്ച നിരക്കുകളിൽ ബില്ല് ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ